# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1510** **21.01.2014- ലെ മറുപടിക്ക്**

## പദ്ധതി പരിപ്രേക്ഷ്യം - 2030

**ചോദ്യം**

ഡോ. ടി.എം. തോമസ് ഐസക്:
പ്രൊഫ. സി. രവീന്ദ്രനാഥ്:
ശ്രീ. വി. ചെന്താമരാക്ഷൻ:
ശ്രീ. എളമരം കരീം:

**ഉത്തരം**

**ശ്രീ. കെ.സി. ജോസഫ്**
(ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി)

(എ) സംസ്ഥാന ആസൂത്രണ ബോർഡ് തയ്യാറാക്കിയ 'പദ്ധതി പരിപ്രേക്ഷ്യം - 2030' ഊന്നൽ നൽകുന്ന മേഖലകൾ ഏതെല്ലാമാണ്;

(എ) പദ്ധതി പരിപ്രേക്ഷ്യം-2030 പ്രധാനപ്പെട്ട എല്ലാ മേഖലകൾക്കും ഊന്നൽ നൽകുന്നുണ്ട്. പ്രധാന മേഖലകൾ താഴെ കൊടുക്കുന്നു.

1. കൃഷിയും അനുബന്ധമേഖലകളും
2. ഗ്രാമ വികസനം
3. വ്യവസായം
4. ഗതാഗതം
5. വിദ്യാഭ്യാസം
6. ആരോഗ്യം
7. പരിസ്ഥിതി
8. സാമൂഹ്യ ഉന്നമനം
9. നഗരവികസനം
10. വിവരസാങ്കേതിക വിദ്യ
11. ടൂറിസം
12. ജല വിഭവം
13. ശാസ്ത്ര സാങ്കേതികം
14. ഊർജ്ജം
15. തൊഴിലവസര സൃഷ്ടി
16. കുടിയേറ്റം
17 ഭരണ നിർവഹണം

(ബി) നാളിതുവരെ സംസ്ഥാനം കൈവരിച്ച നേട്ടങ്ങൾ തുടർന്നും മുന്നോട്ടു കൊണ്ടു പോകുന്നതിന ഇത് ഏതു പ്രകാരം സഹായമാകുമെന്ന് വ്യക്തമാക്കുമോ;

(ബി) നാളിതുവരെ സംസ്ഥാനം കൈവരിച്ച നേട്ടങ്ങൾ തുടർന്നും മുന്നോട്ടു കൊണ്ടു പോകുന്നതിനും കൂടുതൽ മികച്ച നേട്ടങ്ങൾ കൈവരിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ഇപ്പോൾ തയ്യാറാക്കിയിട്ടുള്ള കരട് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) 'പദ്ധതി പരിപ്രേക്ഷ്യം - 2030' നിലവിലെ സാമൂഹ്യ സാമ്പത്തിക പരിതസ്ഥിതിയുടെ പശ്ചാത്തലത്തിൽ പ്രായോഗികമാണോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) നിലവിലുള്ള സാമൂഹിക സാമ്പത്തിക പരിതസ്ഥിതിയുടെ പശ്ചാത്തലം അവലോകനം നടത്തിയതിനു ശേഷമാണ് കരട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

(ഡി) ജനകീയ വികസന കാഴ്ചപ്പാടിന് ഘടക വിരുദ്ധമായിട്ടാണ് ഇപ്പോൾ പരിപ്രേക്ഷ്യം നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതെന്ന വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ.